പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4516 28.06.2012 ൽ മറുപടിക്ക്

# സി.ബി.ഐ.ക്കാരുടെ താമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) എറണാകുളം പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസിലെ മുറികളിൽ എത്ര വർഷക്കാലം സി.ബി.ഐ. ഉദ്യോഗസ്ഥർ താമസിച്ച വാടക ഇനത്തിൽ 9,49,500 രൂപ പി.ഡബ്ല്യു.ഡിയ്ക്ക് നൽകാത്തത് സംബന്ധിച്ച പ്രസ്തുത തുക ഈടാക്കണമെന്ന് ചൂണ്ടിക്കാട്ടിയും പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി)പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | (സി)ഈ വിഷയം സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.ഐ. ഉദ്യോഗസ്ഥർക്ക് മുറികൾ അനുവദിച്ചത്, എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരമായിരുന്നു. ഈ സാഹചര്യത്തിൽ വാടക ഇനത്തിൽ ലഭിക്കേണ്ട തുക ഈടാക്കുന്നത് സംബന്ധിച്ച്. എറണാകുളം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

4516

അനുബന്ധം

1668/NOB/12 (M/W)

JO[illegible]ON PUTHENPURACKAL
HUMAN RIGHTS ACTIVIST
Mobile : 94470 51250
NEENDOOR P.O. KOTTAYAM DISTRICT KERALA STATE INDIA 686 601

31 MAY 2012
13995

To,

ശ്രീ. ഇബ്രാഹിം കുഞ്ഞ്
ബഹു: പൊതുമരാമത്ത് മന്ത്രി
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

സർ,

എറണാകുളം PWD Rest House ലെ രണ്ടു മുറികളിൽ കഴിഞ്ഞ 8½ വർഷക്കാലമായി ഒരു രൂപ പോലും വാടക വാങ്ങിക്കാതെ CBI ഉദ്യോഗസ്ഥർക്ക് സൗജന്യമായി താമസിക്കുവാൻ നിയമവിരുദ്ധമായി മുറികൾ അനുവദിച്ചു കൊടുത്തതിനെതിരെ ഞാൻ 13/5/2008 ൽ അന്നത്തെ ബഹു: PWD മന്ത്രി ശ്രീ. മോൻസ് ജോസഫിന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സൗജന്യമായി താമസിക്കുന്നത് നിയമവിരുദ്ധമാണെന്നും താമസിച്ച കാലയളവിലെ വാടക ഈടാക്കാനും ബഹു: മന്ത്രി ഉത്തരവിട്ടിരുന്നു.

പിന്നീട് വിവരാവകാശ നിയമപ്രകാരമുള്ള എന്റെ ചോദ്യത്തിന് ഉത്തരമായി PWD രേഖാമൂലം 29/2/2012 ൽ അറിയിച്ച വിവരമാണ് താഴെ പറയുന്നത്. 16/2/1999 മുതൽ 18/10/2007 വരെ എറണാകുളം PWD Rest House ലെ 192, 202 മുറികളിൽ CBI ഉദ്യോഗസ്ഥർ ആകെ 3165 ദിവസം താമസിച്ചതിന് മുറി വാടക ഇനത്തിൽ 949500/= രൂപ CBI ഉദ്യോഗസ്ഥർ വാടക PWD നൽകാനുണ്ടെന്നും ഇത് ചൂണ്ടിക്കാട്ടി Assistant Engineer PWD Buildings Section Ernakulam Sri P.A. Hashim Executive Engineer PWD Buildings Division എറണാകുളത്തിന് കത്തയച്ചിട്ടുണ്ടെന്നും രേഖാമൂലം അറിയിച്ചതിന്റെയും കോപ്പിയും ബഹു മന്ത്രിയുടെ ഉത്തരവിന്റെ കോപ്പിയും ഇതോടൊപ്പം ഹാജരാക്കുന്നു.

CBI ഉദ്യോഗസ്ഥരിൽ നിന്നും 949500/= രൂപ മുറിവാടക ഇനത്തിൽ PWD ക്ക് കിട്ടാനുള്ളത് വാങ്ങിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ നേരിൽ കണ്ട് ശ്രീ. പി.കെ സതീശൻ Chief Engineer (Building) PWD യോടും Executive Engineer PWD Buildings Division Ernakulam

4516

JOMON PUTHENPURACKAL NEENDOOR P.O. KOTTAYAM DISTRICT, KERALA STATE, INDIA - 686 601
HUMAN RIGHTS ACTIVIST
Mobile : 94470 51250

ശ്രീ. P.A. Hashim വിനോടും ഞാൻ നിരവധി പ്രാവശ്യം
ആവശ്യപ്പെട്ടിട്ടും PWD ക്ക് കിട്ടാനുള്ള ലക്ഷക്കണക്കിന്
രൂപ ഈടാക്കി എടുക്കുവാൻ ഒരു നടപടിയും സ്വീകരിക്കാത്ത
ഈ രണ്ട് ഉദ്യോഗസ്ഥരുടെ ഗുരുതരമായ വീഴ്ചകൾക്കെതിരെയും
C.B.I ഉദ്യോഗസ്ഥർ സർക്കാരിനെ പറ്റിച്ചും വഞ്ചിച്ചും
മറുപടികൾ കൊടുക്കാത്തതും വേലി തന്നെ വിളവ്
തിന്നുന്നതിന് തുല്യമായതിനാൽ അങ്ങ് സർക്കാരിനു
ലഭിക്കേണ്ട ലക്ഷക്കണക്കിനു രൂപ ഈടാക്കുന്നതിനും
ഇതിനു വീഴ്ച വരുത്തിയ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാർ
ക്കെതിരെ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്നേഹാദരപൂർവ്വം
[signature]
ജോമോൻ പുത്തൻപുരക്കൽ.

തിരുവനന്തപുരം.
21-05-2012.

[signature]
സെക്ഷൻ ഓഫീസർ